# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4284** 17/12/2014-ൽ മറുപടിക്ക്

## സാന്ത്വന ചികിത്സ

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, പാലോട് രവി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സാന്ത്വന ചികിത്സാ രംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ; | (എ) | സാന്ത്വന ചികിത്സാ രംഗത്ത് രാജ്യത്തിന് ആകെ മാതൃകയായുള്ള ഒരു പദ്ധതിയാണ് സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പും, ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി നടപ്പിലാക്കി വരുന്നത്. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഹോംകെയർ ആഴ്ചയിൽ 3 ദിവസമാക്കി ഉയർത്താനും, പാലിയേറ്റീവ് പരിചരണ മേഖലയിൽ ആയുർവ്വേദ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലയിലും പരിശീലനങ്ങൾ നടത്താനും നടപടി സ്വീകരിച്ചു വരുന്നു. സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആയത് ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽ വ്യക്തമായ അവബോധം വളർത്തുന്നതിനായി സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലകരുടെ പരിശീലനം സംഘടിപ്പിക്കുക വഴി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവർക്ക് തുടർച്ചയായി പരിശീലനങ്ങൾ നടപ്പിലാക്കാൻ സാധിക്കും. ആയുർവ്വേദ / ഹോമിയോപ്പതി മേഖലയിലും കൂടുതൽ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ / പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സാന്ത്വന പരിചരണ പദ്ധതികൾ നവീകരിക്കാൻ വേണ്ട പരിപാടികൾ കാലോചിതമായി നടപ്പിലാക്കുന്നതാണ്. |
| (ബി) | സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ/ ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. സാന്ത്വന ചികിത്സയ്ക്ക് ആയുർവ്വേദ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഥായിയായ രോഗങ്ങളാൽ കിടപ്പിലായ രോഗികൾക്ക് ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾക്ക് ശമനം ഉണ്ടാക്കുവാൻ കഴിയുന്നു. ഇത്തരക്കാരിലുണ്ടാകുന്ന പലവിധ രോഗങ്ങൾക്കും ആയുർവ്വേദ ഔഷധങ്ങൾ അങ്ങേയറ്റം തൃപ്തികരമാണെന്ന് രോഗികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശാരീരികവും മാനസികവുമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ ഡോക്ടറുടെ സേവനവും ഔഷധങ്ങളും വളരെയധികം ഗുണം ചെയ്യുന്നുണ്ട്. ടി പദ്ധതി ഇടുക്കി |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് 2012-13 മുതൽ ഫലപ്രദമായി ആവിഷ്കരിച്ച് വരുന്നുണ്ട്. സാന്ത്വന ചികിത്സയ്ക്ക് ഹോമിയോ മരുന്നുകളും വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കൂരാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ആഴ്ചയിൽ ഒരു ദിവസം കാൻസർ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനും വേണ്ടി മാത്രം ആരംഭിച്ച സ്പെഷ്യൽ ക്ലിനിക്കിൽ ഒട്ടനവധി രോഗികൾ ചികിത്സ തേടി എത്തുകയും അവർക്ക് രോഗ ശാന്തി ലഭിക്കുകയും ചെയ്തു. 2013-14 സാമ്പത്തിക വർഷത്തിൽ വണ്ടൂരിൽ പ്രവർത്തനം ആരംഭിച്ച പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിൽ അനേകം കാൻസർ രോഗികൾ ശാന്തിയും സാന്ത്വനവും തേടി എത്തുന്നു. അനുദിനം വർദ്ധിച്ചു വരുന്ന ഈ രോഗികളിൽ ഭൂരിഭാഗം പേർക്കും രോഗ ശാന്തിയും സാന്ത്വനവും ഹോമിയോപ്പതി ചികിത്സയിലൂടെ ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഹോമിയോ /ആയുർവേദ ചികിത്സാ രീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കാമോ? | (സി) | ഹോമിയോ/ആയുർവ്വേദ ചികിത്സാ രീതിയിലുള്ള സാന്ത്വന പരിചരണ കേന്ദ്രങ്ങൾ തുടർന്നും അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ